# പതിനഞ്ചാം കേരള നിയമസഭ

## എട്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2023 മാർച്ച് 13, തിങ്കൾ

**നമ്പർ 106**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അനുമോദനം :

2023 ഓസ്കാർ അവാർഡ് പ്രഖ്യാപനത്തിൽ മികച്ച ഡോക്യുമെന്ററി ഷോർട്ട് ഫിലിം വിഭാഗത്തിൽ പുരസ്കാരം നേടിയ 'ദി എലിഫന്റ് വിസ്പറേഴ്സ്' -ന്റെ ശിൽപികളെയും, ഒറിജിനൽ സോങ്ങ് വിഭാഗത്തിൽ പുരസ്കാരം നേടിയ 'നാട്ടു നാട്ടു' എന്ന ഗാനത്തിന്റെ സംവിധായകൻ എം. എം. കീരവാണിയെയും അനുമോദിച്ചുകൊണ്ട് സ്പീക്കർ പരാമർശം നടത്തി.

അടിയന്തരപ്രമേയം :

കൊച്ചി ബ്രഹ്മപുരത്തെ മാലിന്യസംസ്കരണ പ്ലാന്റിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾക്കടക്കം ഉണ്ടായ തീ പിടുത്തത്തിൽ മാരകമായ വിഷവാതകം അന്തരീക്ഷത്തിൽ പടർന്നതുമൂലം ജനങ്ങളിൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ടി. ജെ. വിനോദും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെയും, തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിയുടെയും മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്താൻ ശ്രമിച്ചു.)

KNPP. 373/2023(i).

<u>ശ്രദ്ധ ക്ഷണിക്കൽ :</u>

1. കേന്ദ്ര പദ്ധതികളായ ആശ, അങ്കണവാടി, എൻ.എച്ച്.എം., നാഷണൽ ആയുഷ് മിഷൻ, ക്രഷെ, സ്കൂൾ ഭക്ഷണ പാചകം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയിലെ തൊഴിലാളികൾക്ക് യഥാസമയം വേതനം ലഭിക്കാത്ത പ്രശ്നത്തെ സംബന്ധിച്ചും പ്രസ്തുത പദ്ധതികളുടെ കീഴിൽ നൽകി വരുന്ന വേതനം വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്കും ശ്രീ. ടി. പി. രാമകൃഷ്ണൻ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച ഒരു പ്രസ്താവന ചെയ്തു.

(കാര്യവിവരപ്പട്ടികയിൽ ലിസ്റ്റ് ചെയ്തിരുന്ന രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നു.)

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം ഉന്നയിക്കാൻ നോട്ടീസ് നൽകിയിരുന്ന താഴെ പറയുന്ന വിഷയങ്ങളുടെ മറുപടി സഭയുടെ മേശപ്പുറത്ത് വച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. ഡി. കെ. മുരളി | പാലോട് ഫയർ സ്റ്റേഷന് പ്രവർത്തനാനുമതി | മുഖ്യമന്ത്രി |
| 2 | ശ്രീ. മുരളി പെരുനെല്ലി | നെൽകർഷകരിൽനിന്നുള്ള നെൽ സംഭരണം | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 3 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ പ്രശ്നങ്ങൾ | ധനകാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. ടി. ഐ. മധുസൂദനൻ | ബീഡി വ്യവസായത്തിലെ പ്രതിസന്ധി | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 5 | ശ്രീമതി ദെലീമ | മാക്കേക്കടവ്-നേരേകടവ് പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 6 | ശ്രീ. സി. സി. മുകുന്ദൻ | വലപ്പാട് CHC, മൾട്ടി സ്പെഷ്യാലിറ്റി ട്രോമ കെയർ യൂണിറ്റ് ആക്കുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

ധനകാര്യം :

## 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII - ാം നമ്പർ ധനാഭ്യർത്ഥന, കുടുംബക്ഷേമം എന്ന XIX - ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5 - ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു.

XVIII - ാം നമ്പർ ധനാഭ്യർത്ഥന, XIX - ാം നമ്പർ ധനാഭ്യർത്ഥന എന്നിവ സംബന്ധിച്ച് നോട്ടീസ് നൽകപ്പെട്ടിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.

(അടിയന്തരപ്രമേയത്തിന്മേൽ സർക്കാർ സ്വീകരിച്ച നിലപാടിൽ പ്രതിപക്ഷ നേതാവ് പ്രതിഷേധം രേഖപ്പെടുത്തുകയും, പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ഡോ. സുജിത് വിജയൻപിള്ള

ശ്രീമതി സി. കെ. ആശ

ശ്രീമതി ദെലീമ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. പി. വി. ശ്രീനിജിൻ

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. എം. വിജിൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. മുരളി പെരുനെല്ലി

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് മറുപടി നൽകി. തുടർന്ന് ധനാഭ്യർത്ഥനകൾ XVIII, XIX എന്നിവ ഐകകണ്ഠ്യേന പാസ്സാക്കി.

2023 മാർച്ച് 14- ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 2.21 - ന് സഭ പിരിഞ്ഞു.

എ. എം. ബഷീർ,
*സെക്രട്ടറി.*

**FIFTEENTH KERALA LEGISLATIVE ASSEMBLY**

Eighth Session

# BULLETIN—PART I

( Brief Record of Proceedings )

*Monday, March 13, 2023.*

**No. 106**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

*Felicitation:*

The Speaker made a reference felicitating the makers of 'The Elephant Whisperers' who won the award in the best documentary short film category and Shri. M. M. Keeravani, Director of the song 'Natu Natu' who won the award in the original song category at the 2023 Oscar.

*Adjournment Motion:*

After hearing the Minister for Health and Woman and Child Development and Minister for Local Self Government and Excise the Speaker withheld consent to the moving of an adjournment motion given notice of by Shri T. J. Vinod and five other Members regarding the serious situation reported to have arisen consequent to the occurrence of health problems among the people due to the spread of deadly poisonous gases in the atmosphere from the fire that broke out in the waste treatment plant at Brahmapuram, Kochi.

(In protest against the denial of the notice of the Adjournment motion, the members belonging to the opposition shouted slogans and tried to obstruct the proceedings of the House.)

KNPP. 373/2023(ii).

*Calling Attention :*

1. Shri. T. P. Ramakrishnan called the attention of the Minister for Finance to the necessity to urge the Central Government to increase wages to the workers under Central Schemes like ASHA, Anganwadi, NHM, National AYUSH Mission, Creche, School noon meal cooking, NREGS etc. and to the problems due to the non distribution of their wages on time. The Minister made a statement thereto.

(The Second notice listed in the List of Business was not moved. The members belonging to the opposition continued shouting of slogans.)

*The Matters under Rule 304:*

The reply to the matters for which notice was given by the following Members under Rule 304 were laid on the Table.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. ഡി. കെ. മുരളി | പാലോട് ഫയർ സ്റ്റേഷന് പ്രവർത്തനാനുമതി | മുഖ്യമന്ത്രി |
| 2 | ശ്രീ. മുരളി പെരുനെല്ലി | നെൽകർഷകരിൽനിന്നുള്ള നെൽ സംഭരണം | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 3 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ പ്രശ്നങ്ങൾ | ധനകാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. ടി. ഐ. മധുസൂദനൻ | ബീഡി വ്യവസായത്തിലെ പ്രതിസന്ധി | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 5 | ശ്രീമതി ദെലീമ | മാക്കേക്കടവ്-നേരേകടവ് പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 6 | ശ്രീ. സി. സി. മുകുന്ദൻ | വലപ്പാട് CHC, മൾട്ടി സ്പെഷ്യാലിറ്റി ട്രോമ കെയർ യൂണിറ്റ് ആക്കുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

*Financial Business :*

## *Discussion and Voting on Demands for Grants in the Budget for the financial year 2023-24*

Smt. Veena George, Minister for Health and Woman and Child Development moved Demand No. XVIII – Medical and Public Health and Demand No. XIX – Family Welfare for the amounts shown respectively against them under column No. 5 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the Table statements under Rule 236 (3) relating to Demand Nos. XVIII and XIX.

The cut motions for Demand No. XVIII and XIX were not moved.

(The Leader of the Opposition spoke in protest against the decision with regard to Adjournment motion and members belonging to Opposition boycotted the rest of the proceedings.)

The following members took part in the discussion:

Dr. Sujith Vijayanpillai

Smt. C. K. Asha

Smt. Daleema

Shri Sebastian Kulathunkal

Shri P. Mammikutty

Shri P. V. Sreenijin

Shri K. B. Ganesh Kumar

Shri M. Vijin

Shri G. S. Jayalal

Shri Murali Perunelly

Smt. Veena George, Minister for Health and Woman and Child Development replied to the points raised during the discussion. Then the Demand Nos. XVIII and XIX were passed by the House unanimously.

The House adjourned at 2.21 p.m. to meet again at 9.00 a.m on Tuesday, March 14, 2023.

A. M. BASHEER,
*Secretary.*